LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായാണ്, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അധിക ധനാഗമ മാർഗ്ഗങ്ങൾ ഓർഡിനൻസ് മുഖേന അടിയന്തരമായി നടപ്പിലാക്കിയത്.

(സി) അല്ല

2014 മാർച്ച് അവസാനത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ മൊത്തം ജീവനക്കാർ

216 (556) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് അവസാനത്തെ കണക്കുകൾ പ്രകാരം വ്യത്യസ്ത കാറ്റഗറികളിലായി സംസ്ഥാനത്തെ മൊത്തം ജീവനക്കാർ എത്രയാണ്;

(ബി) സ്റ്റേറ്റ് ഗവൺമെന്റ് സ്റ്റാഫ് എത്ര; കൺസോളിഡേറ്റ് പേ വാങ്ങുന്നവർ എത്ര ; ആൾ ഇന്ത്യ സർവ്വീസുകാർ എത്ര ; യു.ജി.സി.ക്കാർ എത്ര ; എ. ഐ. സി.ടി. ഇ. ക്കാർ എത്ര ; ഇൻഡിഷ്യൽ സർവ്വീസുകൾ എത്ര ; അല്ലാത്തവർ എത്ര ;

(സി) ഗവൺമെന്റ് വകുപ്പുകളിലെ മൊത്തം സ്റ്റാഫുകൾ എത്ര ; പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്റ്റാഫ് എത്ര ; വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാന സർവ്വീസിലെ ആകെ ജീവനക്കാരുടെ എണ്ണം 5,06,556 (അഞ്ച് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി അമ്പത്തിയാറ്)

(ബി)

	സ്റ്റേറ്റ് ഗവൺമെന്റ് ജീവനക്കാർ	-	4,89,035
	കൺസോളിഡേറ്റഡ് പേ വാങ്ങുന്നവർ	-	876
	ആൾ ഇൻഡ്യാ സർവ്വീസുകാർ	-	238
	യു.ജി.സി.ക്കാർ	-	14364
	എ.ഐ.സി.ടി.ഇ.ക്കാർ	-	1503
	ഇൻഡിഷ്യൽ സർവ്വീസുകാർ	-	540

(സി) വിവിധ വകുപ്പുകളിലെ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ആകെ എണ്ണം 3,63,992 (മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് ഉം).

പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം1,42,564(ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തി നാല്) ഉം ആണ്.

2014-15 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക

217 (557) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള ഡെവലപ്മെന്റ് എക്സ്പെന്റിച്ചർ, നോൺ ഡെവലപ്മെന്റ് എക്സ്പെന്റിച്ചർ മൊത്തം റവന്യൂ എക്സ്പെന്റിച്ചർ ഇവ എത്ര കോടി രൂപ വീതമാണെന്; വിശദ മാക്കാമോ ;

(ബി) സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതി പിന്നിട്ടപ്പോൾ യഥാർത്ഥത്തിൽ ഇവ ഓരോന്നും എത്ര കോടി രൂപ വീതമായിട്ടുണ്ട്; വ്യക്തമാക്കാമോ ;

(സി) 2014-15 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത റവന്യൂ എക്സ്പെന്റിച്ചർ തുകയുടെ എത്ര ശതമാനം തുക ആദ്യപകുതി വർഷം പിന്നിട്ടപ്പോൾ ചെലവായിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സാമ്പത്തിക വർഷത്തെ റവന്യൂ ചെലവുകൾ, അതിലുൾപ്പെട്ട വികസനച്ചെലവുകൾ, വികസന ഇതര ചെലവുകൾ എന്നിവയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റും സാമ്പത്തിക വർഷത്തെ ആദ്യപകുതി പിന്നിട്ടപ്പോൾ ഓരോ

LIBRARY ARCHIVES Kerala Legislative Assembly